## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2563** 12.2.2020 -ൽ മറുപടിയ്ക്ക്

### കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് പദ്ധതികൾ

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; | എ) | കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിനായി മലനാട് മലബാർ റിവർ ക്രൂസ് ടൂറിസം പദ്ധതി, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. കണ്ണൂർ, കാസറഗോഡ് ജില്ലയിലെ നദികളെയും ജലാശയങ്ങളെയും ബന്ധിപ്പിച്ച് കൊണ്ടുള്ള പ്രമേയാധിഷ്ഠിതമായ (ക്രൂസ്) സവാരിക്ക് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിൻറെ ഭാഗമായി ബോട്ട് ടെർമിനൽ/ ജെട്ടികൾ നിർമ്മിച്ച് വരുന്നു. കണ്ണൂർ ജില്ലയിൽ 14 ബോട്ട് ജെട്ടികളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. ഇത് കൂടാതെ 27 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച 80.37 കോടിയുടെ പദ്ധതിയും നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ് ഇതിനായി പ്രമേയാധി ഷ്ഠിതമായ ജലയാത്രക്ക് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ 3 പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. രണ്ടാം ഘട്ടത്തിൽ 11 പദ്ധതികൾക്ക് കൂടി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ധർമ്മടം മുഴപ്പിലങ്ങാട് പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കിഫ്ബി വഴി 233.71 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പൈതൽമല, പാലക്കയംതട്ട്, ശശിപ്പാറ, കാഞ്ഞിരക്കൊല്ലി തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | ബി) | പൈതൽമല ടൂറിസം റിസോർട്ടിന്റെ നവീകരണത്തിനുള്ള പദ്ധതി ഡി.ടി.പി.സി തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2018 ൽ 75,90,707/- രൂപയുടെ ഭരണാനുമതി നൽകിയ ഏഴരക്കുണ്ട് ടൂറിസം ഫേസ് -2 പദ്ധതിയുടെ പ്രവർത്തി പുരോഗമിച്ചു വരികയാണ്. പാലക്കയംതട്ടിന്റെ വികസനത്തിനായി പുതിയ പദ്ധതി തയ്യാറാക്കാൻ ഡി.ടി.പി.സി നടപടി സ്വീകരിച്ചു വരുന്നു. കാഞ്ഞിരക്കൊല്ലി, ശശിപ്പാറ എന്നിവിടങ്ങളിൽ ട്രക്കിംഗ് പോലെയുള്ള അഡ്വഞ്ചർ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കാഞ്ഞിരക്കൊല്ലിയിൽ ഭൂമി കൈമാറി ലഭിക്കാത്തതിനാലും തുടർന്നുള്ള വികസനങ്ങൾക്ക് ഭൂമി ലഭ്യമാകാത്തതിനാലും പദ്ധതി പ്രവർത്തികളുമായി മുന്നോട്ട് പോകാൻ സാധിച്ചില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ